10/50
30/10/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്-കാസറഗോഡ് വികസന പാക്കേജിലെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 15 സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിയമനകാലാവധി ഒരു വർഷത്തേക്ക് പുതുക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു,

---

ആസൂത്രണ സാമ്പത്തിക കാര്യ(എ) വകുപ്പ്

---

സ.ഉ.(സാധാ) നം.407/2020/പ്ലാനിംഗ് തീയതി,തിരുവനന്തപുരം, 27/10/2020

---

പരാമർശം:- 1 13/08/2014 തീയതിയിലെ സ.ഉ.(സാധാ) നം.373/2014/ആ. സാ. വ. നമ്പർ സർക്കാർ ഉത്തരവ്

2 23/10/2018 തീയതിയിലെ സ.ഉ.(സാധാ)നം.515/2018/ആ.സാ.വ. നമ്പർ സർക്കാർ ഉത്തരവ്

3 കാസറഗോഡ് ജില്ലാ കളക്ടറുടെ 17/01/2020 തീയതിയിലെ നം.1050(126)2014-15/കെഡിപി/കെഎസ്.ഡി നമ്പർ കത്ത്.

ഉത്തരവ്

ഡോ.പ്രഭാകരൻ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലയുടെ വികസനത്തിനായി പരാമർശിത ഉത്തരവ് (1) പ്രകാരം രൂപീകൃതമായ കാസറഗോഡ് വികസനപാക്കേജിലെ പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ, പദ്ധതികളുടെ ദ്രുതഗതിയിലുള്ള പൂർ ത്തീകരണത്തിനായി പരാമർശിത ഉത്തരവ് (2) പ്രകാരം 21 ടെക്നിക്കൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ ഒരു വർഷ കാലാവധിക്ക് നിയമിച്ചിരുന്നു.

കാസറഗോഡ് വികസന പാക്കേജ് പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് നിലവിൽ പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ, ടെക്നിക്കൽ തസ്തികയിൽ നിയമിക്കപ്പെട്ട ടി ജീവനക്കാരുടെ സേവനം ആവശ്യമുള്ളതിനാൽ, പ്രൊജക്റ്റ് പൂർത്തീകരണം വരെ ടി ജീവനക്കാരുടെ കരാർ നിയമന കാലാവധി പുതുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) കത്ത് പ്രകാരം കാസറഗോഡ് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു. കാസറഗോഡ് വികസനപാക്കേജിൽ കഴിഞ്ഞ സാമ്പത്തികവർഷം ഭരണാനുമതി ലഭിച്ച 297 പദ്ധതികളിൽ 211 പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതും 2019-20 സാമ്പത്തികവർഷം ഭരണാനുമതി നൽകിയ 105 പദ്ധതികൾ അടക്കം 191 പ്രവർത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 592.62 കോടി രൂപയുടെ

പദ്ധതികളുടെ DPR തയ്യാറാക്കുന്നതു മുതൽ അന്തിമ ബിൽ നൽകൽ വരെയുള്ള വിവിധ പ്രവർത്തനങ്ങൾ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് മുഖേനയാണ് നടന്നുവരുന്നത്.

കരാർ അടിസ്ഥാനത്തിൽ പ്രവേശിച്ച 21 പേരിൽ നിലവിൽ 15 പേർ മാത്രമേ ജോലിയിൽ തുടരുന്നുള്ളുവെന്നും വിവിധ കാരണങ്ങളാൽ ടി തസ്തികകളിലെ 6 ജീവനക്കാരുടെ സേവനം അവസാനിച്ചതിനാൽ നിലവിൽ അസി. എഞ്ചിനീയർ(1 എണ്ണം) ഒന്നാം തരം ഓവർസീയർ (ഇലക്ട്രിക്കൽ) (1 എണ്ണം) , ഒന്നാം തരം ഓവർസീയർ (സിവിൽ)(1 എണ്ണം), രണ്ടാം തരം ഓവർസീയർ (സിവിൽ)(1 എണ്ണം), മൂന്നാം തരം ഓവർസീയർ (സിവിൽ)(2 എണ്ണം) എന്നിങ്ങനെ തസ്തികകളിലായി 6 ഒഴിവുകൾ നിലവിലുണ്ടെന്നും കളക്ടർ അറിയിച്ചു. നിലവിൽ ജോലിയിൽ തുടരുന്ന 15 പേരുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തികയുടെ പേര് | കരാർ സേവനം ആരംഭിച്ച തീയതി | കരാർ കാലാവധി അവസാനിക്കുന്ന തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ശ്രീജിത്ത് കുമാർ.ബി | അസി. എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 01.02.2019 | 31.01.2020 |
| 2 | ഗോപിക.എം | അസി. എഞ്ചിനീയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 3 | സുനോജ് കുമാർ.എം | അസി. എഞ്ചിനീയർ (സിവിൽ) | 08.02.2019 | 07.02.2020 |
| 4 | നവീൻ നാരായണൻ | അസി. എഞ്ചിനീയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 5 | സാദിഖ്.എം | അസി. എഞ്ചിനീയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 6 | ശിവപ്രസാദ്.പി | ഒന്നാംതരം ഓവർസിയർ (ഇലക്ട്രിക്കൽ) | 01.02.2019 | 31.01.2020 |
| 7 | പാർവ്വതി നാരായണൻ .എം | രണ്ടാം തരം ഓവർസിയർ (സിവിൽ) | 01.11.2019 | 31.10.2020 |
| 8 | നീതു.ടി | രണ്ടാം തരം ഓവർസിയർ (സിവിൽ) | 27.02.2020 | 26.02.2021 |
| 9 | ശ്രീജിത്ത്.എം | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 10 | ദിവ്യ മാധവൻ.കെ.വി | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 11 | ഹരീഷ..കെ | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 12 | ജിജീഷ്.എം | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 13 | ആതിര.എ.കെ | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 14 | കാർത്തിക.പി | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 15 | അനുപമ.കെ.വി | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് വികസനപാക്കേജിലെ പദ്ധതികളുടെ ദ്രുതഗതിയിലുള്ള പൂർത്തീകരണത്തിനായി പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ, കരാർ

അടിസ്ഥാനത്തിൽ ഒരു വർഷ കാലാവധിക്ക് നിയമിക്കപ്പെട്ട 21 സാങ്കേതിക വിഭാഗം ജീവനക്കാരിൽ നിലവിൽ സേവനം അനുഷ്ഠിച്ചുവരുന്ന 15 ജീവനക്കാരുടെ കരാർ കാലാവധി മേൽ പട്ടികയിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിരിക്കുന്ന ദിവസം മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു. ഒരു വർഷകാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥരുടെ കരാർ കാലാവധി അവസാനിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. വേണു വി ഐഎഎസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ ), കേരള, തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

ജില്ലാ കളക്ടർ, കാസർഗോഡ്

സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കാസർഗോഡ് ,

ചീഫ്, അഗ്രികൾച്ചർ ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

സ്പെഷ്യൽ ഓഫീസർ, കാസർഗോഡ് വികസന പാക്കേജ്

ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ്

പൊതുഭരണ (എസ്.സി) വകുപ്പ് (21/10/2020 തീയതിയിലെ ഇനം 4285 പ്രകാരം)

ധനകാര്യ(വ്യയം)വകുപ്പ് (01/07/2020 തീയതിയിലെ EXP-A3/124/2018-FIN പ്രകാരം)
വെബ് & ന്യൂ മീഡിയ (ഐ&പി .ആർ.ഡി)

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പി.എസ് ന്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

ആസൂത്രണ സാമ്പത്തിക കാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

ആസൂത്രണ സാമ്പത്തിക കാര്യ അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-10-2020

ഫയൽ നം. PLGEA-A1/13/2020-PLGEA. ഇനം നം: 4285

വിഷയം : ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കാസറഗോഡ് വികസന പാക്കേജിലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 21 സാങ്കേതികവിഭാഗം ജീവനക്കാരിൽ നിലവിൽ തുടരുന്ന 15 ജീവനക്കാരുടെ നിയമനകാലാവധി ഒരു വർഷത്തേക്ക് പുതുക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Office of the Additional Chief Secretary, Planning & Economic Affairs Department, Government of Kerala

21/10/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

4285

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : PLGEA-എ 1/13/2020-PLGEA |
| 2. | വകുപ്പ് | : ആസൂത്രണസാമ്പത്തികകാര്യ (എ) വകുപ്പ് |
| 3. | വിഷയം | : കാസറഗോഡ് വികസന പാക്കേജിലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 21 സാങ്കേതികവിഭാഗം ജീവനക്കാരിൽ നിലവിൽതുടരുന്ന 15 ജീവനക്കാരുടെ നിയമനകാലാവധി ഒരുവർഷത്തേക്ക് പുതുക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 23/09/2020 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : അതെ |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽസെക്രട്ടറിയുടെ പേര് | : ശ്രീമതി.ഷൈനി ജോർജ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ:വി.വേണു |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 06/10/2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 13/10/2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 14/10/2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 19/10/2020 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഡോ.പ്രഭാകരൻ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലയുടെ വികസനത്തിനായി 13/08/2014 ലെ സ.ഉ.(സാധാ) നം.373/2014/ആ. സാ. വ. ഉത്തരവ് പ്രകാരം രൂപീകൃതമായ കാസറഗോഡ് വികസനപാക്കേജിലെ പദ്ധതികളുടെ ദ്രുതഗതിയിലുള്ള പൂർത്തീകരണത്തിനായി പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ, കരാർ അടിസ്ഥാനത്തിൽ ഒരു വർഷ കാലാവധിക്ക് നിയമിക്കപ്പെട്ട 21 സാങ്കേതിക വിഭാഗം ജീവനക്കാരിൽ നിലവിൽ സേവനം അനുഷ്ഠിച്ചുവരുന്ന 15 ജീവനക്കാരുടെ നിയമന കാലാവധി പുതുക്കണമെന്ന കാസർഗോഡ് ജില്ലാ കളക്ടറുടെ അപേക്ഷയാണ് വിഷയം.

2) കാസറഗോഡ് വികസനപാക്കേജിലെ പദ്ധതികളുടെ ദ്രുതഗതിയിലുള്ള പൂർത്തീകരണത്തിനായി 23/10/2018 തീയതിയിലെ സ.ഉ.(സാധ ാ)നം.515/2018/ആ.സാ.വ. ഉത്തരവ് പ്രകാരം, 21 ടെക്നിക്കൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ ഒരു വർഷ കാലാവധിക്ക് നിയമിച്ചിരുന്നു. കാസറഗോഡ് വികസന പാക്കേജ് പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് നിലവിൽ പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ, ടെക്നിക്കൽ തസ്തികയിൽ നിയമിക്കപ്പെട്ട ടി ജീവനക്കാരുടെ സേവനം ആവശ്യമുള്ളതിനാൽ, പ്രൊജക്ട് പൂർത്തീകരണം വരെ ടി ജീവനക്കാരുടെ കരാർ നിയമന കാലാവധി പുതുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കാസറഗോഡ് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു .

3) കാസറഗോഡ് വികനസനപാക്കേജിൽ കഴിഞ്ഞസാമ്പത്തികവർഷം ഭരണാനുമതി ലഭിച്ച 297 പദ്ധതികളിൽ 211 പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതും 2019-20 സാമ്പത്തികവർഷം ഭരണാനുമതി നൽകിയ 105 പദ്ധതികൾ അടക്കം 191 പ്രവർത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 592.62 കോടി രൂപയുടെ പദ്ധതികളുടെ DPR തയ്യാറാക്കുന്നതു മുതൽ അന്തിമബിൽ നൽകൽവരെയുള്ള വിവിധ പ്രവർത്തനങ്ങൾ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് മുഖേനയാണ് നടന്നുവരുന്നത്.

4) മേൽ വിഷയം സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുകയും ആ വകുപ്പ് താഴെപ്പറയുംപ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

' 23/10/2018 ലെ സ . ഉ .( സാധാ ) നം . 515/2018/ ആ . സാ . വ ഉത്തരവ് പ്രകാരം കാസറഗോഡ് വികസന പാക്കേജ് പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ ടെക്നിക്കൽ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 21 ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച നല്കാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു . ഇതിനു ബഹു: ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട് . '

5) ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് വികസന പാക്കേജ് പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ ടെക്നിക്കൽ തസ്തികയിൽ 23/10/2018 ലെ സ. ഉ.( സാധാ ) നം. 515/2018/ ആ. സാ. വ ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അസി. എഞ്ചിനീയർ(6), ഒന്നാം തരം ഓവർസീയർ(3), രണ്ടാം തരം ഓവർസീയർ(3), മൂന്നാം തരം ഓവർസീയർ (9) എന്നീ 21 ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയും ആയതിന് ബഹു. മുഖ്യമന്ത്രി അംഗീകാരം നൽകുകയും ചെയ്തിരുന്നു. തുടർന്ന് ഈ വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി, ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു.

6) കരാർ അടിസ്ഥാനത്തിൽ പ്രവേശിച്ച 21 പേരിൽ നിലവിൽ 15 പേർ മാത്രമേ ജോലിയിൽ തുടരുന്നുള്ളുവെന്നും വിവിധ കാരണങ്ങളാൽ ടി തസ്തികകളിലെ 6 ജീവനക്കാരുടെ സേവനം അവസാനിച്ചതിനാൽ നിലവിൽ അസി. എഞ്ചിനീയർ(1 എണ്ണം) ഒന്നാം തരം ഓവർസീയർ (ഇലക്ട്രിക്കൽ) (1 എണ്ണം) , ഒന്നാം തരം ഓവർസീയർ (സിവിൽ)(1 എണ്ണം), രണ്ടാം തരം ഓവർസീയർ (സിവിൽ)(1 എണ്ണം), മൂന്നാം തരം ഓവർസീയർ (സിവിൽ)(2

എണ്ണം) എന്നിങ്ങനെ തസ്തികകളിലായി 6 ഒഴിവുകൾ നിലവിലുണ്ടെന്നും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ടെന്നും കളക്ടർ റിപ്പോർട്ട് ചെയ്തു.

7) കാസർഗോഡ് ജില്ലാ കളക്ടറുടെ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന 15 ജീവനക്കാരുടെ മാത്രം കരാർ കാലാവധി ഒരു വർഷം പൂർത്തിയായ ദിവസം മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച തീരുമാനത്തിനായി വീണ്ടും ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തിരുന്നു. ടി വിഷയം മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായി. നിലവിൽ ജോലിയിൽ തുടരുന്ന 15 പേരുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തികയുടെ പേര് | കരാർ സേവനം ആരംഭിച്ച തീയതി | കരാർ കാലാവധി അവസാനിക്കുന്ന തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ശ്രീജിത്ത് കുമാർ.ബി | അസി. എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 01.02.2019 | 31.01.2020 |
| 2 | ഗോപിക.എം | അസി. എഞ്ചിനീയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 3 | സുനോജ് കുമാർ.എം | അസി. എഞ്ചിനീയർ (സിവിൽ) | 08.02.2019 | 07.02.2020 |
| 4 | നവീൻ നാരായണൻ | അസി. എഞ്ചിനീയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 5 | സാദിഖ്.എം | അസി. എഞ്ചിനീയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 6 | ശിവപ്രസാദ്.പി | ഒന്നാംതരം ഓവർസിയർ (ഇലക്ട്രിക്കൽ) | 01.02.2019 | 31.01.2020 |
| 7 | പാർവ്വതി നാരായണൻ.എം | രണ്ടാം തരം ഓവർസിയർ(സിവിൽ) | 01.11.2019 | 31.10.2020 |
| 8 | നീതു.ടി | രണ്ടാം തരം ഓവർസിയർ(സിവിൽ) | 27.02.2020 | 26.02.2021 |
| 9 | ശ്രീജിത്ത്.എം | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |

| | | | | |
|---|---|---|---|---|
| 10 | ദിവ്യ മാധവൻ.കെ.വി | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 11 | ഹരീഷ..കെ | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 12 | ജിജീഷ്.എം | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 13 | ആതിര.എ.കെ | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 14 | കാർത്തിക.പി | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |
| 15 | അനുപമ.കെ.വി | മൂന്നാം തരം ഓവർസിയർ (സിവിൽ) | 01.02.2019 | 31.01.2020 |

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1) കാസറഗോഡ് വികസനപാക്കേജിലെ പദ്ധതികളുടെ ദ്രുതഗതിയിലുള്ള പൂർത്തീകരണത്തിനായി പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ, കരാർ അടിസ്ഥാനത്തിൽ ഒരു വർഷ കാലാവധിക്ക് നിയമിക്കപ്പെട്ട 21 സാങ്കേതിക വിഭാഗം ജീവനക്കാരിൽ നിലവിൽ സേവനം അനുഷ്ഠിച്ചുവരുന്ന 15 ജീവനക്കാരുടെ കരാർ കാലാവധി 7-ാം ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിലെ 5-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ദിവസം മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകാമോ ?

2) ഒരു വർഷകാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടി ഉദ്യോഗസ്ഥരുടെ കരാർ കാലാവധി അവസാനിപ്പിക്കാനും ഉത്തരവ് നൽകാമോ ?